# അഴിമതിയല്ല, അസമത്വമാണ് അടിസ്ഥാന പ്രശ്നം

ഡോ. സന്ദീപ് പാണ്ഡെ

**ദൽഹിയിൽ** ആം ആദ്മി പാർട്ടി അധികാരത്തിലെത്തിയതോടെ രാഷ്ട്രീയത്തിലെ ഒരു പുത്തൻ പരീക്ഷണത്തിന് രാജ്യം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുകയാണ്. വി.ഐ.പി സംസ്കാരം തുടച്ചുനീക്കുന്നതിനാണ് ആം ആദ്മി പാർട്ടിം ആദ്യം ലക്ഷ്യം വച്ചിരിക്കുന്നത്. തനിക്കും മന്ത്രിമാർക്കും സർക്കാർ മന്തിരങ്ങളും ബീക്കൺ ലൈറ്റുകൾ ഘടിപ്പിച്ച് വാഹനങ്ങളും സുരക്ഷാഭടന്മാരും വേണ്ടെന്ന് വച്ചിരിക്കുകയാണ് അരവിന്ദ് കെജ്രിവാൾ. ഇത്തരം സൗകര്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടി മാത്രം പലരും രാഷ്ട്രീയക്കാരായി മാറുന്ന രാജ്യത്ത് ഈ തീരുമാനം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ജനപ്രതിനിധികൾക്കും ഉന്നത ഉദ്യോഗസ്ഥർക്കും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആഡംബര സൗകര്യങ്ങൾ തീർച്ചയായും വെട്ടിച്ചുരുക്കേണ്ടതാണ്. നികുതി നൽകുന്നതവർക്ക് അത്രയും ഭാരം കുറഞ്ഞുകിട്ടും. ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരുമെല്ലാം സ്വന്തം വാഹനത്തെയോ പൊതുഗതാഗത സൗകര്യത്തെയോ ഉപയോഗിക്കേണ്ടതും സ്വഗൃഹങ്ങളിൽ താമസിക്കേണ്ടതുമാണ്. അതിനാവശ്യമായ ചെലവുകൾ കണ്ടെത്തുന്നതിനുള്ള ശമ്പളം അവർക്ക് ലഭിക്കുന്നുമുണ്ട്.

ജനങ്ങളോട് എങ്ങനെ ഇടപെടണമെന്ന് സർക്കാർ ഉദ്യോഗസ്ഥർ ഇനിയും പഠിക്കേണ്ടിയിരിക്കുന്നു. ഉന്നത സർക്കാർ ഓഫീസുകളിൽ മിക്കതിലും പാസ് എടുത്താൽ മാത്രമെ പ്രവേശിക്കാൻ കഴിയൂ. പല സ്ഥലങ്ങളിലും ഓഫീസിൽ നിന്നും ആരെങ്കിലും അറിയിപ്പ് കൊടുത്താൽ മാത്രമെ പ്രവേശന കവാടത്തിൽ നിന്നും പാസ് അനുവദിക്കുകയുള്ളൂ. മറ്റ് വഴികളിലൂടെ മേലുദ്യോഗസ്ഥനെ പരിചയമില്ലാതെ നിങ്ങൾക്ക് അദ്ദേഹത്തെ കാണാനാകില്ലെന്നർത്ഥം. സാധാരണക്കാർക്ക് രാഷ്ട്രീയക്കാരെ വേണമെങ്കിൽ വീട്ടിൽ ചെന്ന് കാണാനെങ്കിലും അവസരമുണ്ട്. എന്നാൽ ഉദ്യോസ്ഥരെ കാണാൻ ആ സാധ്യതയുമില്ല. ആം ആദ്മി നേതാക്കന്മാർക്ക് മാതൃക കാണിക്കാമെങ്കിൽ എന്തുകൊണ്ട് ഉദ്യോഗസ്ഥർക്ക് അവരുടെ സുഖലോലുപതയിൽ നിന്നും പുറത്തുവന്നുകൂടാ.

രാഷ്ട്രീയ പാർട്ടികൾക്ക് ലഭിക്കുന്ന കണക്കുകൾ വ്യക്തമായി ക്രോഡീകരിച്ച് ആദ്യമായി പ്രസിദ്ധീകരിക്കുന്ന പാർട്ടിയാണ് ആം ആദ്മി. കമ്മീഷൻ രാജിന് അന്ത്യം കുറിച്ചുകൊണ്ട് ദൈനംദിന ഭരണത്തിലെ അഴിമതിയെ തുടച്ചുനീക്കാൻ കഴിഞ്ഞാൽ ജനങ്ങൾക്ക് അത് വലിയ ആശ്വാസമായിരിക്കും. വൈദ്യുതവിതരണ രംഗത്തെയും ആദായ നികുതി രംഗത്തെയും പൊതവിതരണ സംവിധാനത്തിലെയും അഴിമതിക്കെതിരെ പോരാട്ടം നടത്തിക്കൊണ്ടാണ് അരവിന്ദ് കെജ്രിവാൾ സാമൂഹ്യപ്രവർത്തനത്തിലേക്ക് എത്തുന്നത്. അടുത്തിടെ കൊല്ലപ്പെട്ട അദ്ദേഹത്തിന്റെ സുഹൃത്ത് സന്തോഷ് കോലി പൊതുവിതരണ സമ്പ്രദായത്തിലെ അഴിമതിക്കെതിരെ ശക്തമായി പോരാടിയ ആളായിരുന്നു.

അഭിപ്രായ രൂപീകരണ പ്രക്രിയയാണ് അദ്ഭുതകരമായ മാറ്റം ആം ആദ്മി പാർട്ടി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന മറ്റൊരു മേഖല. ഗ്രാമസഭകളിലെ സജീവമായ ചർച്ചകളിൽ ജനങ്ങൾ ഇടപെട്ട് തീരുമാനങ്ങളെടുക്കുന്ന സംവിധാനമാണ് അവർ ഉദ്ദേശിക്കുന്നത്. ഇന്നുവരെ, വരേണ്യർ അടച്ചിട്ട മുറികളിലിരുന്ന് തീരുമാനങ്ങളെടുത്തിരുന്ന രാജ്യത്ത് സ്വാഗതാർഹമായ മാറ്റമാണ് ഇതിലൂടെ സംഭവിക്കാൻ പോകുന്നത്. തീരുമാനങ്ങൾ സംഘടിതമായി എടുക്കുന്നതുകൊണ്ട് അവ തെറ്റായിപ്പോകുന്നതിനുള്ള സാധ്യത വളരെ കുറവാണ്. ജനങ്ങൾക്കിടയിൽ തന്നെ നിയന്ത്രണങ്ങളും സമതുലനവുമൊക്കെയുണ്ടാകും. ജനപ്രതിനിധികൾക്ക് മേൽ കർക്കശമായ നിരീക്ഷണം ജനങ്ങളുടെ ഭാഗത്ത് നിന്നുമുണ്ടാകും എന്നതിനാൽ ആം ആദ്മി പാർട്ടിയുടെ എം.എൽ.എ അഴിമതിക്ക് വിധേയനാകാനുള്ള സാധ്യത വളരെ കുറവാണ്. പാർട്ടിക്കുള്ളിലെ ആളുകൾക്കെതിരെയുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി ആം ആദ്മി ഒരു ആഭ്യന്തര ലോക്പാൽ സംവിധാനം തന്നെ നടപ്പിൽവരുത്തിയിട്ടുണ്ട്. പാർട്ടിക്കുള്ളിൽ ആം ആദ്മി പാർട്ടിക്ക് മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞെങ്കിലും അഴിമതി നിറഞ്ഞ ഉദ്യോഗസ്ഥ വൃന്ദത്തെ മെരുക്കിയെടുക്കുക എന്നത് പ്രയാസകരമായ കാര്യമാണ്. സേവന മേഖലയെ അക്ഷരാർത്ഥ

ത്തിൽ സേവനമേഖല തന്നെയായി മാറ്റിയെടുക്കുന്നതുപോലും ഭാവിയിൽ ആലോചിക്കാവുന്ന കാര്യമാണ്. സന്നദ്ധസേവകരെയല്ലാതെ, സ്ഥിരം ഉദ്യോഗസ്ഥരെ നമുക്ക് ആവശ്യമുണ്ടോ? പലരും സേവന കാലയളവ് മുഴുവൻ സ്വന്തം ഉന്നമനത്തിനായി ഉപയോഗിച്ചവരാണ്. തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകുന്ന കാലം വരുമ്പോൾ ഇത്രയധികം സർക്കാർ ഉദ്യോഗസ്ഥരുടെ ആവശ്യം വരുന്നതില്ല.

രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നായി നിരവധി ജനങ്ങൾ ഇപ്പോൾ ആം ആദ്മി പാർട്ടിയിൽ ചേർന്നുകൊണ്ടിരിക്കുകയാണ്. പല തരത്തിലുള്ള പ്രവർത്തനങ്ങളിൽ അവർ ഏർപ്പെടുന്നുണ്ട്. കാൺപൂർ ഐ.ഐ.ടിയിൽ നിന്നും പഠിച്ചിറങ്ങി അലഹബാദ് എം.എൻ.ആർ.ഇ.സിയിൽ ജോലി ചെയ്യുന്ന ഒരു ഫെറോസിമന്റ് രംഗത്തെ വിദഗ്ധൻ ദരിദ്രർക്ക് വീട് നിർമ്മിക്കാനുള്ള ചിലവ് കുറഞ്ഞ സാങ്കേതികവിദ്യ ആം ആദ്മി പാർട്ടിക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. ഉത്തർപ്രദേശ് പവർ കോർപ്പറേഷനിലെ രണ്ട് എഞ്ചിനീയർമാർ ഊർജ്ജത്തിന്റെ ചിലവ് കണക്കാക്കാമെന്ന് ഏറ്റിട്ടുണ്ട്. ആം ആദ്മി സർക്കാർ തങ്ങളുടെ സർക്കാറാണെന്ന് ജനങ്ങൾക്ക് തോന്നുകയും അവരാൽ കഴിയുന്ന സംഭാവനകൾ നൽകാൻ യത്നിക്കുകകയും ചെയ്യുന്ന ഈ കാഴ്ച ഏറെ പ്രതീക്ഷതരുന്നതാണ്.

> സന്നദ്ധസേവകരെയല്ലാതെ, സ്ഥിരം ഉദ്യോഗസ്ഥരെ നമുക്ക് ആവശ്യമുണ്ടോ? പലരും സേവന കാലയളവ് മുഴുവൻ സ്വന്തം ഉന്നമനത്തിനായി ഉപയോഗിച്ചവരാണ്. തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ ജനങ്ങൾ നേരിട്ട് പങ്കാളികളാകുന്ന കാലം വരുമ്പോൾ ഇത്രയധികം സർക്കാർ ഉദ്യോഗസ്ഥരുടെ ആവശ്യം വരുന്നതില്ല.

**എന്തുകൊണ്ട് ഞാൻ ചേർന്നില്ല?**

പല സുഹൃത്തുക്കളും എന്നോട് ആം ആദ്മി പാർട്ടിയിൽ ചേരാൻ ആവശ്യപ്പെട്ടിരുന്നു. അവർ പാർട്ടിയിൽ ചേരണോ എന്നറിയാനും പലരും വിളിച്ചു. 2011ൽ രജീന്ദ്ര സച്ചാറിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് പാർട്ടി നവീകരിച്ചപ്പോൾ എന്നോട് അതിൽ ചേരാൻ ആവശ്യപ്പെട്ടതുകൊണ്ട് ഞാൻ എ.എ.പിയിലേക്കില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിന് മുമ്പായി കുൽദീപ് നയ്യാർ രൂപം കൊടുത്ത ജനകീയ രാഷ്ട്രീയ മുന്നണിയുടെയും (പി.പി.എഫ്) ഭാഗമാണ് ഞാൻ. എ.എ.പി തെരഞ്ഞെടുപ്പിൽ വിജയിച്ചു എന്നതുകൊണ്ട് മാത്രം നിലവിലെ ഉത്തരവാദിത്തങ്ങൾ ഉപേക്ഷിച്ച് അതിൽ ചേരുന്നത് ശരിയാണെന്ന ഞാൻ കരുതുന്നില്ല. നമ്മൾ ശുദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന രാഷ്ട്രീയ സംസ്കാരം ഒരു പാർട്ടിയിൽ നിന്നും അക്കരപച്ചകണ്ട് മറുപാർട്ടിയിലേക്ക് ചേക്കേറുന്നത് തടയുക എന്നതുകൂടിയാണെന്ന് ഓർമ്മിക്കണം. കാലുമാറ്റത്തിനെതിരെ നിയമമുണ്ടാകണമെന്ന് പറയുന്നതും അതുകൊണ്ടാണ്. പ്രവർത്തന ശൈലിയിലും പ്രത്യയശാസ്ത്രത്തിലും യോജിപ്പുകളുണ്ടെങ്കിൽ സഖ്യത്തിലെത്താനുള്ള സാധ്യതകൾ തുറന്നുകിടക്കുകയും വേണം.

അഴിമതിയാണ് എ.എ.പിയുടെ മുൻഗണനാ വിഷയം. എന്നാൽ അസമത്വമാണ് സമൂഹത്തിലെ പ്രധാന പ്രശ്നമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. മനുഷ്യർ പരസ്പരം ബഹുമാനിക്കുന്ന ഒരു സംവിധാനം രൂപപ്പെടുത്താൻ കഴിയാത്തിടത്തോളം ഒരു മാനവിക സമൂഹസൃഷ്ടി അസാധ്യമായിത്തന്നെ തുടരും. അഴിമതി തുടച്ചുമാറ്റുന്നതിലൂടെയോ സ്വരാജ് കെട്ടിപ്പടുക്കുന്നതിലൂടെയോ അസമത്വം എന്ന പ്രശ്നം പരിഹരിക്കപ്പെടാൻ പോകുന്നില്ല. അഴിമതി തുടച്ചുനീക്കപ്പെടുകയും ഗ്രാമസഭകളിൽ തീരുമാനങ്ങളെടുക്കപ്പെടുകയും ചെയ്യുന്നു എന്നുകരുതുക, അതുകൊണ്ട് മാത്രം ജനങ്ങൾക്ക് തൃപ്തരാകാൻ കഴിയുമോ? ജാതി സംബന്ധമായ അസമത്വങ്ങൾ തുടരില്ലേ? പണക്കാരൻ ദരിദ്രനോട് സഹവസിക്കുന്നതിൽ താത്പര്യപ്പെടുമോ? സ്ത്രീകൾ സുരക്ഷിതരായിത്തീരുമോ? ഗോത്രാധിപത്യം അവസാനിക്കുമോ? പണക്കാരുടെ കുട്ടികളെപ്പോലെ ദരിദ്രരുടെ കുട്ടികളും അവശ്യഭക്ഷണം കഴിച്ച്, ഉത്കൃഷ്ടമായ സ്കൂളുകളിൽ പോയിത്തുടങ്ങുമോ? സ്വകാര്യ ആശുപത്രികളിൽ കിട്ടുന്ന ചികിത്സാ സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിലും കിട്ടുമോ? വൈദ്യുതി ബിൽ പകുതിയാക്കുമെന്ന് എ.എ.പി വാഗ്ദാനം ചെയ്തിട്ടുണ്ട്. പക്ഷെ വിദ്യുച്ഛക്തി സൗകര്യം ഇനിയും കിട്ടാത്തവരോടുള്ള സമീപനം എന്താണെന്ന് പറഞ്ഞിട്ടില്ല. ജലസ്രോതസ്സിന്റെ വിനിയോഗത്തിലും അത്തരം സമീപനം ആവശ്യമാണ്. നീന്തൽക്കുളങ്ങൾക്കും വാട്ടർ തീം പാർക്കുകൾക്കും ഗോൾഫ് കോഴ്സുകൾക്കുമായി ജലം ദുർവിനിയോഗം ചെയ്യുന്നത് അവസാനിപ്പിക്കണം. ജലസേചനാവശ്യങ്ങൾക്കൊഴികെയുള്ള സ്വകാര്യമേഖലയിലെ വാട്ടർപമ്പുകളെല്ലാം നിരോധിക്കണം. *(പരിഭാഷ: അജിതൻ)* ■